# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നീണ്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎം/P9/1664/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 09/11/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നീണ്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെഡിഎം/P9/1664/23 തീയ്യതി: 09/11/2023

## കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ രതീഷ് സി.ആർ., ഓഡിറ്റ് ഓഫീസർ
കുമാരി സജിമോൾ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോഷി തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രദീപ്കുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.രതി.റ്റി.നായർ | സെക്രട്ടറി | 01-04-2022 | 13-01-2023 |
| ശ്രീ അബ്ദുൽ ഹുസൈൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-01-2023 | 29-01-2023 |
| ശ്രീമതി.രതി.റ്റി.നായർ | സെക്രട്ടറി | 30-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനോദ്കുമാർ .ഇ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 30-09-2022 |
| ശ്രീമതി ഷംല എംഎസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-10-2022 | 31-10-2022 |
| ശ്രീമതി ആഷ എം കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 31-03-2023 |
| ശ്രീമതി.പ്രിയ മേരി ഫിലിപ്പ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-05-2022 |
| ശ്രീ ജോസഫ് വിൽഫ്രഡ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2022 | 16-09-2022 |
| ശ്രീ രാജേഷ് ഡി നായർ | അസിസ്റ്റന്റ് എഞ്ചിനീയർ | 17-09-2022 | 31-01-2023 |
| ശ്രീമതി.പ്രിയ മേരി ഫിലിപ്പ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-02-2023 | 31-03-2023 |
| ശ്രീമതി.നിത്യ.സി.പി | കൃഷി ഓഫീസർ | 01-04-2022 | 28-07-2022 |
| ശ്രീമതി ജോസ്ന മോൾ കുര്യൻ | കൃഷി ഓഫീസർ | 29-07-2022 | 31-03-2023 |
| ഡോ.പ്രസീന ദേവ് | വെറ്ററനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. ബിജോയ് സേവ്യർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 19-04-2022 |
| ശ്രീ സുനിൽ എ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20-04-2022 | 31-03-2023 |
| ശ്രീമതി ലാലി കെ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10-10-2022 | 31-03-2023 |
| ഡോ.രാഖി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ.ഹേമ കർത്ത | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.ലിൻസി പുളിക്കൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2022 | 25-11-2022 |
| ഡോ.നിസ്സി.കെ.ജെ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 26-11-2022 | 31-03-2023 |
| ശ്രീ.കണ്ണൻ.പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-12-2022 |
| ശ്രീമതി ബ്ലസ്സി ജോഷി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2023 | 13-03-2023 |
| ശ്രീമതി പ്രിയാമോൾ വി എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 14-03-2023 | 31-03-2023 |
| ശ്രീമതി.സവിത.എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 26-09-2022 |
| ശ്രീമതി സുചിത്ര സി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 27-09-2022 | 07-01-2023 |
| ശ്രീമതി അഞ്ജു പി നായർ | ഐ സി ഡി എസ് സൂപ്പർവൈസർ | 08-01-2023 | 31-03-2023 |
| ശ്രീ.രാജി.എസ്.മണി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

വിഇഒ II തസ്തിക 01.04.2022 മുതൽ 09.10.2022 വരെ ഒഴിവ്

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | ഗവൺമെന്റ്/അതർ ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | മുൻകൂറായി ലഭിക്കുന്ന വരുമാനം-ക്രമീകരിക്കൽ വിവരം ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല | 1-1-5 |
| 7 | Capital Work In Progress പ്രോജക്ട് വിശദാംശം/രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | മുൻകൂർ തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-7 |
| 9 | Prior Period വരവ് ചെലവുകളുടെ വിശദാംശം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയില്ല | 1-1-8 |
| 10 | വാടക നിക്ഷേപം-വിശദമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല | 1-1-9 |
| 11 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമല്ല | 1-1-10 |
| 12 | അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമല്ല | 1-1-11 |
| 13 | ആസ്തികളുടെ മൂല്യശോഷണം വിശദാംശങ്ങളില്ല | 1-1-12 |
| 14 | റികൺസിലിയേഷൻ നടത്തിയിട്ടില്ല | 1-1-13 |
| 15 | റേഷ്യോസ് സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-14 |
| 16 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-15 |
| 17 | വാടക ഇനത്തിലെ ഡിസിബി തുക- രജിസ്റ്ററും വാർഷിക ധനകാര്യപത്രികയും പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്ക് ധനകാര്യപത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല. | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം | 1-3 |
| 21 | ഗ്രാന്റ് വിനിയോഗം | 1-4 |
| 22 | പദ്ധതി അവലോകനം | 1-5 |
| 23 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 24 | ക്ഷേമ പദ്ധതികൾ | 1-7 |

| | | |
|---|---|---|
| 25 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 26 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല | 1-11 |
| 29 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല | 1-12 |
| 30 | ഒരേ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചു | 1-13 |
| 31 | കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചു | 1-14 |
| 32 | വഴിയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചതിലെ അപാകതകൾ | 1-15 |
| 33 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-16 |
| 34 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-17 |
| 35 | വാടക അപാകതകൾ | 1-18 |
| 36 | അധിക വിഭവ സമാഹരണം-അവലോകനം | 1-19 |
| 37 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-20 |
| 38 | അഗതി രഹിത കേരളം - മുൻ വർഷങ്ങളിൽ നൽകിയ തുകകൾ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-21 |
| 39 | പാലിന് സബ്സിഡി- എല്ലാ ഗുണഭോക്താക്കൾക്കും തുക അക്കൗണ്ടിലേക്ക് നൽകിയില്ല | 1-22 |
| 40 | കോക്ലിയർ ഇംപ്ലാന്റേഷനുകളുടെ മെയിന്റനൻസ്-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-23 |
| 41 | പി.എം.എ.വൈ-വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല | 1-24 |
| 42 | കിണർ മെയിന്റനൻസ്-6000 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-25 |
| 43 | പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല | 1-26 |
| 44 | മാമ്മോഗ്രാഫി ടെസ്റ്റ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല 47796/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 45 | സ്മൈൽ പ്ലീസ് - ദന്ത പരിപാലന പദ്ധതി -വിശദാംശങ്ങൾ ലഭ്യമല്ല 20000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 46 | പദ്ധതികൾ പൂർത്തിയായിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |

| ഭാഗം 3 | | |
| --- | --- | --- |
| --- No Records Found --- | | |
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 7/07/2023 തീയതിയിലെ 1(1) തീരുമാനം പ്രകാരം അംഗീകരിച്ച് 12/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ (OBRP Data)

സൂക്ഷിച്ചിട്ടില്ല.

1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ വിശദാംശങ്ങൾ ലഭ്യമായില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോയെന്നും തൻവർഷം ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് ചെലവഴിച്ച തുകകളെല്ലാം ഉൾപ്പെടുത്തിയോ എന്നും രേഖകളുടെ അഭാവത്തിൽ പരിശോധിക്കാനായില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. മുൻവർഷം പിഎച്ച്സിയ്ക്കായി വാങ്ങിയ ആമ്പുലൻസ്, തൻവർഷം മാലിന്യനിർമാർജനത്തിനായി വാങ്ങിയ ഇലക്ട്രിക് ഓട്ടോ റിക്ഷ എന്നിവ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-4 ഗവൺമെന്റ്/അതർ ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-5 മുൻകൂറായി ലഭിക്കുന്ന വരുമാനം-ക്രമീകരിക്കൽ വിവരം ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല

വിവിധ നികുതി-നികുതിയേതര വരവുകൾ മുൻകൂറായി ലഭിക്കുന്നവയുടെ വിവരവും അവയുടെ ക്രമീകരിക്കലും ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി അവയുടെ ക്രമീകരിക്കൽ നിരീക്ഷിക്കുന്നില്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരം ഏതെല്ലാം വരവുകൾ മുൻകൂർ ലഭിച്ചു, തൻവർഷത്തെ വരുമാനം മുഴുവനായും ക്രമീകരിച്ചോ തുടങ്ങിയ വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കാനാകുന്നില്ല.

1-1-6 Capital Work In Progress പ്രോജക്ട് വിശദാംശം/രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ച് ഇടപാടുകൾ നിരീക്ഷിക്കാത്തതിനാൽ പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല.

1-1-7 മുൻകൂർ തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല

തൊഴിലുറപ്പിന് മുൻകൂർ നൽകുന്ന തുക Advance To Others ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. തൊഴിലുറപ്പിനുള്ള മുൻകൂർ Advance To NREGS/AUGES ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-8 Prior Period വരവ് ചെലവുകളുടെ വിശദാംശം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയില്ല

Prior Period ആയി ക്രമീകരിച്ച 93269/- രൂപ വരുമാനത്തിന്റെയും 2395/- രൂപ ചെലവിന്റെയും ആധികാരികത നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. ധനകാര്യ പത്രികയോടൊപ്പം Prior Period ക്രമീകരണങ്ങളുടെ വിശദാംശം Notes On Account ആയി സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

1-1-9 വാടക നിക്ഷേപം-വിശദമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന്റെ കട മുറികൾ കുത്തകയുള്ളവർ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ വാടക നിക്ഷേപം(Rent

Depost) ഓരോ കടമുറികൾക്കും എത്ര തുകകളാണ് എന്ന് ഡെപ്പോസിറ്റ് രജിസ്റ്ററിലും വാടക ഡിമാന്റ് രജിസ്റ്ററിലും ചേർത്തിട്ടില്ല. ഓരോ കടമുറികളുടെയും വാടക നിക്ഷേപ കണക്കുകളും 31/03/2023 ലെ അവശേഷിക്കുന്ന നിക്ഷപത്തിന്റെ വിവരവും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

1-1-10 ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമല്ല

ബിഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 67962/- രൂപ വാർഷിക ധനകാര്യപത്രിക പ്രകാരം നീക്കിയിരുപ്പുണ്ടെങ്കിലും വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല.

1-1-11 അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമല്ല

അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. വിവിധ ശീർഷകങ്ങളിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1-1-12 ആസ്തികളുടെ മൂല്യശോഷണം വിശദാംശങ്ങളില്ല

ആസ്തികളുടെ മൂല്യശോഷണം I-17(A) പ്രകാരം മൂല്യശോഷണം അക്കൗണ്ട് ചെയ്യതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല. Vehicles For Office Use എന്ന ശീർഷകത്തിലെ ആസ്തി വാർഷിക ധനകാര്യപത്രിക പ്രകാരം 613089/- രൂപയാണ്. എന്നാൽ മൂല്യശോഷണം കണക്കാക്കിയിട്ടുള്ളത് ആസ്തിയേക്കാൾ അധികരിച്ച് 643743/- എന്നാണ്.

1-1-13 റികൺസിലിയേഷൻ നടത്തിയിട്ടില്ല

സി.എഫ്.എൽ.ടി.സി പ്രവർത്തനങ്ങൾക്കായി ഫെഡറൽ ബാങ്ക് നീണ്ടൂർ ശാഖയിൽ തുടങ്ങിയ അക്കൗണ്ട് റീകൺസിലിയേഷൻ നടത്തിയിട്ടില്ലാത്തതിനാൽ RP-40(b) പ്രകാരമുള്ള തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല. നിലവിൽ ഈ അക്കൗണ്ടിൽ 65222 രൂപ അവശേഷിക്കുന്നുണ്ട്.

1-1-14 റേഷ്യോസ് സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

1-1-15 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-16 വാടക ഇനത്തിലെ ഡിസിബി തുക- രജിസ്റ്ററും വാർഷിക ധനകാര്യപത്രികയും പൊരുത്തപ്പെടുന്നില്ല

വാടക ഇനത്തിൽ രജിസ്റ്റർ പ്രകാരം തയ്യാറാക്കിയിരിക്കുന്ന ഡിസിബിയും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

1-1-17 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്ക് ധനകാര്യപത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്ക് ധനകാര്യപത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 30.03.2022 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 28.2.2023 തീയതിയിലെ 2(1)-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവുചെലവ്, വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 38,07,017 | 38,07,017 |
| വരവ് | 14,16,90,000 | 13,36,78,733 |
| ആകെ | 14,54,97,017 | 13,74,85,750 |
| ചെലവ് | 14,34,53,500 | 13,63,94,500 |
| നീക്കിയിരിപ്പ് | 20,43,517 | 10,91,250 |

ബജറ്റ് പ്രകാരം 14.16 കോടി രൂപ വരവും 14.34 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 10.23 കോടി രൂപയും ചെലവ് 10.56 കോടി രൂപയുമാണുള്ളത്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി(Sub-Head) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള സംക്ഷിപ്ത വിവരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 102324020 |
| ആകെ ചെലവ് | 105566412 |
| വരുമാനമിച്ചം/പ്രവർത്തന നഷ്ടം | -3242392 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) പ്രകാരം കുറവു ചെയ്തത് | 90874 |
| അറ്റ വരുമാനമിച്ചം/അറ്റ പ്രവർത്തന നഷ്ടം | -3333266 |

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 16703168.5 |
| ഓഡിറ്റ് വർഷത്തെ വരവ് | 32351344 |
| ആകെ | 49054512.5 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30967227 |
| നീക്കിയിരിപ്പ് | 18087285.5 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 472750 |

1-4 ഗ്രാന്റ് വിനിയോഗം

നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14822000 | 14822000 | 14156557 | 665443 | 95.51 |
| വികസന ഫണ്ട്-SCP | 0 | 3936000 | 3936000 | 3407732 | 528268 | 86.57 |
| വികസന ഫണ്ട്-TSP | 0 | 120000 | 120000 | 111933 | 8067 | 93.28 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 2784386 | 6178854 | 8963240 | 2373599 | 6589641 | 26.48 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 202519 | 2740628+ 185816(പലിശ) | 3128963 | 2388307 | 740656 | 76.32 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 4570000 | 4570000 | 3446587 | 1123413 | 75.41 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 3652000* | 3652000 | 2607448 | 1044552 | 71.39 |
| ഐസിഡിഎസ് | 296744 | 920626 | 1217370 | 584768 | 632602 | - |
| ആരോഗ്യ ഗ്രാന്റ്-1(8019) | 0 | 136927 | 136927 | 135000 | 1927 | - |
| ആരോഗ്യ ഗ്രാന്റ്-2(7966) | 0 | 268341 | 268341 | 184343 | 83998 | - |
| SSA ഫണ്ട് | 6430 | 176 | 6606 | 0 | 6606 | - |
| ശുചിത്വ മിഷൻ | 739586 | 106783 | 846369 | 368000 | 478369 | - |
| ഗുണഭോക്തൃ വിഹിതം | 837 | 216500 | 217337 | 195000 | 22337 | - |

* സംരക്ഷണ ഗ്രാന്റ് റോഡിതരത്തിൽ 08.04.22 ലെ സ.ഉ(സാധാ)നം.2862/2022/ധന. ഉത്തരവ്

പ്രകാരം ഒന്നാം ഗഡുവായി 3670300 രൂപ അനുവദിച്ചിരുന്നു. എന്നാൽ 05.09.2022 ലെ സ.ഉ(സാധാ)നം.6267/2022/ധന. ഉത്തരവ് പ്രകാരം 1235633 രൂപ സർക്കാരിലേക്ക് തിരികെ മുതൽ കുട്ടിയിട്ടുണ്ട്. തുടർന്ന് 05.12.2022ലെ സ.ഉ(സാധാ)നം.8253/2022/ധന. ഉത്തരവ് പ്രകാരം മൂന്നാം ഗഡുവായി 1217333 രൂപ അനുവദിച്ചെങ്കിലും ഈ തുക വരവായി എടുത്തില്ല. ആയതിനാൽ സംരക്ഷണ ഗ്രാന്റ് -റോഡിതരത്തിലുള്ള തൻ വർഷത്തെ യഥാർത്ഥ വരവ് 3652000/- രൂപയാണ് (3670300-1235633+1217333).

ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 2020-21 ലെ Unspent തുക തിരികെ ലഭിച്ച തുകയിൽ (ടൈഡ്-2327854, അൺ ടൈഡ്-173628) ചെലവഴിക്കാത്തതിനാൽ ലാപ്സായ 1698186 രൂപ കുറച്ചുള്ള തുകയാണ് ബാലൻസ് ഷീറ്റ് (ബി 4) ലും ബാങ്ക് അക്കൗണ്ടിലും ഉൾപ്പെട്ടിട്ടുള്ളത്.

വികസന ഫണ്ടിൽ നിന്ന് KURDFC വായ്പ തിരിച്ചടവിനും അംഗൻവാടി ഹോണറേറിയത്തിനും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 23/06/2022 ലെ G.O.(Rt) No.4585/2022/Fin പ്രകാരം ട്രഷറിയിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 14822000 | - | 14822000 | 241/23-335800<br>242/23-335800<br>250/23-335800<br>243/23-286881<br>251/23-286881<br>ആകെ-1581162 | 13240838 |
| വികസന ഫണ്ട്-SCSP | 3936000 | - | 3936000 | 245/23-140931<br>252/23-140931<br>ആകെ-281862 | 3654138 |
| വികസന ഫണ്ട്-TSP | 120000 | - | 120000 | 244/23-27899<br>253/23-27900<br>ആകെ-55799 | 64201 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied | 2567000 | 173628<br>185816-പലിശ | 2926444 | - | 2926444 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 3851000 | 2327854 | 6178854 | - | 6178854 |

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2. ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ 185816/- രൂപ ഉൾപ്പെടെയുള്ള വരവാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) ൽ എടുത്തിട്ടുള്ളത്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 05.01.2022 ൽ ആസൂത്രണ സമിതി യോഗം ചേരുകയും തുടർന്ന് 10.01.22 ൽ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേരുകയും ചെയ്തു. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ പദ്ധതി ആസൂത്രണ ഗ്രാമസഭ (25.05.22-29.05.22) യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 30.05.2022 -ൽ നടന്ന വികസന സെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

വാർഷിക പദ്ധതിയ്ക്ക് 28.07.2022 ലെ ഉത്തരവ് നം. 82898/22/DPC/DPO/KTM പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.
വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 106164023/- രൂപയും ആകെ ചെലവ് 40156331/- രൂപയുമാണ്. ആകെ 174 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 137 എണ്ണം തൻവർഷം നടപ്പാക്കി. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 4852155 | 2416726 | 49.81 |
| വെറ്ററിനറി സർജൻ | 8 | 8 | 1860980 | 1459514 | 78.43 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | 11 | 11 | 4054933 | 3397138 | 83.78 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 2 | 2 | 510000 | 510000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 32 | 24 | 60515370 | 12744345 | 21.06 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 8 | 5875000 | 4499077 | 76.58 |
| സെക്രട്ടറി | 39 | 32 | 7226739 | 4503627 | 62.32 |
| അസി. സെക്രട്ടറി | 8 | 7 | 1140000 | 1062796 | 93.23 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 264000 | 190268 | 72.07 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 53 | 35 | 18864846 | 8741027 | 46.34 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 700000 | 331813 | 47.4 |
| ആകെ | 174 | 137 | 106164023 | 40156331 | 37.82 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പ പദ്ധതിയുടെ 2022-23 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 15 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷം പുതുതായി 75 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകി. ലേബർബജറ്റ്പ്രകാരം ആകെ 634 പദ്ധതികൾ വിഭാവനം ചെയ്തതിൽ 230 പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി ലഭിക്കുകയും 221 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 33635 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 579 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ, തോടുകളും വാച്ചാലുകളും നവീകരണം. പാടശേഖരങ്ങളുടെ കനാൽ ആഴം കൂട്ടൽ മുതലായ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5735.80 | 755407 | 761142.8 | 754380 | 6762.80 |
| തൊഴിലാളികൾക്ക് നേരിട്ടു നൽകിയത് | 0 | 15984871 | 15984871 | 15984871 | 0 |
| | 5735.80 | 16740278 | 16746013.8 | 16739251 | 6762.80 |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 15735500 | 1498 |
| കർഷക തൊഴിലാളി പെൻഷൻ | 6214600 | 565 |
| വിധവ പെൻഷൻ | 6802300 | 620 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 396200 | 36 |
| വികലാംഗ പെൻഷൻ | 2858600 | 260 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60000 | 2 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 11/09/2023-ന് 03.10 PM സമയത്ത് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 3450/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) ക്യാഷ്, ബാങ്ക് നിയന്ത്രണം

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തിയിട്ടുണ്ട്.

3) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം .

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്.

4) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

5) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച നമ്പർ , തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14/06/22 | 07/21 മുതൽ 12/21 വരെ | റിപ്പോർട്ട് ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27/02/2018 | 2012-13 മുതൽ 2016-17 വരെ | LBA(HQ)II/8A-2720/382 /12.04.18 |

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ 53 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയാണ് ഈടാക്കിയത്. ആകെ തൻവർഷം 7.72 ലക്ഷം രൂപയാണ് ജീവനക്കാരുടെ തൊഴിൽ നികുതി വരുമാനം ലഭിച്ചത്. എന്നാൽ രജിസ്റ്ററും അനുബന്ധ പത്രികകളും പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ് ഓണം തുരുത്ത് | 2 |
| 2 | ഹോട്ടൽ വെട്ടിക്കാട്ട് പ്ലാസ, നീണ്ടൂർ | 1 |
| 3 | അക്ഷയ സെന്റർ കൈപ്പുഴ | 2 |
| 4 | സപ്ലൈക്കോ കൈപ്പുഴ | 1&2 |
| 5 | തേരൻസ് ഫ്യൂവൽസ് | 1&2 |
| 6 | ശ്രീ ദുർഗ ഫ്യുവൽസ് | 1&2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/15.9.23) തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | എസ്ബിഐ കൈപ്പുഴ | 1&2 |
| 2 | സർവീസ് കോഓപ്പറേറ്റീവ് ബാങ്ക് നീണ്ടൂർ | 1&2 |
| 3 | സൗത്ത് ഇന്ത്യൻ ബാങ്ക് കൈപ്പുഴ | 2 |
| 4 | ഹാർവെസ്റ്റ് കമ്പനി | 1&2 |
| 5 | അക്ഷയ സെന്റർ കൈപ്പുഴ | 1&2 |
| 6 | അക്ഷയ സെന്റർ നീണ്ടൂർ | 1&2 |
| 7 | സപ്ലൈക്കോ കൈപ്പുഴ | 1 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണത്തിന് (10/15.9.23) തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 ഒരേ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചു

1. പഞ്ചായത്തിന്റെ 2022-23 വർഷത്തെ വസ്തുനികുതി നിർണ്ണയിച്ചതിൽ ശ്രീ സണ്ണി പി.സി. എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒരേ കെട്ടിടത്തിന്റെ ഭാഗമായ 5/73 A, 5/73 B എന്നീ മുറികൾക്ക് വ്യത്യസ്ത മേഖലകളായി സ്ഥിതി ചെയ്യുന്ന കെട്ടിടമായി സഞ്ചയയിൽ രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതായി കാണുന്നു. 5/73 A എന്ന കെട്ടിടം പ്രഥമം എന്ന മേഖലയിലും 5/73 B എന്ന കെട്ടിടം ദ്വിതീയം (10% ഇളവുൾപ്പെടെ) എന്ന മേഖലയിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2.പഞ്ചായത്തിന്റെ 2022-23 വർഷത്തെ വസ്തുനികുതി നിർണ്ണയിച്ചതിൽ ശ്രീ ഉഷ കെ.എസ്. എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒരേ കെട്ടിടത്തിന്റെ ഭാഗമായ 11/220 D, E എന്നീ മുറികൾക്ക് വ്യത്യസ്ത

മേഖലകളായി സ്ഥിതി ചെയ്യുന്ന കെട്ടിടമായി സഞ്ചയയിൽ രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതായി കാണുന്നു. 11/220 E എന്ന കെട്ടിടം പ്രഥമം എന്ന മേഖലയിലും 5/73 D എന്ന കെട്ടിടം ദ്വിതീയം (10% ഇളവുൾപ്പെടെ) എന്ന മേഖലയിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (14/18.9.23) വസ്തുനികുതി പുനർനിർണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. വസ്തുനികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചു

ശ്രീ.എബ്രഹാം കല്ലിടാന്തിയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പഞ്ചായത്ത് 15-ാം വാർഡിലെ 354/C മുതൽ 354/F വരെയായി നമ്പർ നൽകിയിരിക്കുന്നത് ഒരേ കെട്ടിടത്തിലെ 4 മുറികൾക്കാണ് എന്ന് സഞ്ചയ വസ്തുനികുതി മൊഡ്യൂളിൽകാണുന്നു. ആകെ വിസ്തീർണ്ണം 147.93 ച.മീ. ആയി കണക്കാക്കി വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിലുൾപ്പെടുത്തി നികുതി നിരക്കായ 70/- രൂപ കണക്കാക്കുന്നതിന് പകരം 100 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 40/- രൂപ കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. നികുതി നിർണ്ണയിച്ചപ്പോൾ നിരക്ക് 70/- രൂപയ്ക്കു പകരം 40/- രൂപ കാറ്റഗറിയിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായിട്ടുണ്ട്.

വസ്തുനികുതി നിർണ്ണയത്തിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/18.9.23) കെട്ടിട ഉടമകളിൽ നിന്നും ഉയർന്ന നിരക്കിലുള്ള നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. വസ്തുനികുതി പുനർനിർണയിച്ച് നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 വഴിയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചതിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല.

2022-23 വർഷത്തെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പ്ലാനുകളും പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചതിൽ അപാകതകളുണ്ടായിട്ടുണ്ടെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര്(സഞ്ചയ പ്രകാരം) | റോഡിന്റെ പേര്(പ്ലാൻ പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 11/220 D | ഉഷ കെ.എസ്. | കൈപ്പുഴ ശാസ്താങ്കൽ, 1.5 മീറ്ററിൽ കൂടുതൽ | കൈപ്പുഴ ശാസ്താംങ്കൽ, 5 മീറ്ററോ അതിൽ | 20% വർദ്ധനവ് വരുത്തിയില്ല |

| | | | | | |
|---|---|---|---|---|---|
| | | | | കൂടുതൽ | |
| 2 | 6/396 B | അമൃതാദേവി | ഓണംതുരുത്ത് മൂഴിക്കുളങ്ങര റോഡ്, 1.5 മീറ്ററിൽ കൂടുതൽ | 5 മീറ്ററുള്ള പഞ്ചായത്ത് റോഡ് | 20% വർദ്ധനവ് വരുത്തിയില്ല |
| 3 | 6/43 A | സൈമൺ സി.ജെ. | ഏറ്റുമാനൂർ നീണ്ടൂർ റോഡ്, 1.5 മീറ്ററിൽ കൂടുതൽ | ഏറ്റുമാനൂർ നീണ്ടൂർ റോഡ്, 5 മീറ്ററോ അതിൽ കൂടുതൽ | 20% വർദ്ധനവ് വരുത്തിയില്ല |
| 4 | 8/339 A | ജോയ്സ് എബ്രഹാം | കള്ളിയടി പള്ളി റോഡ്, 1.5 മീറ്ററിൽ കൂടുതല് | ആശുപത്രിപ്പടി-കൈപ്പുഴ കാവൽ റോഡ്, 5 മീറ്ററോ അതിൽ കൂടുതൽ | 20% വർദ്ധനവ് വരുത്തിയില്ല |
| 5 | 1/287 B,C,D,E,F | ശ്രീ.വിജയൻ | കോതനല്ലൂർ കല്ലമ്പാറ റോഡ്, 1.5 മീറ്ററിൽ കൂടുതല് | കോതനല്ലൂർ കല്ലമ്പാറ റോഡ്, 5 മീറ്ററോ അതിൽ കൂടുതൽ | 20% വർദ്ധനവ് വരുത്തിയില്ല |

ഇത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (16/18.9.23) വസ്തുനികുതി പുനർനിർണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. വസ്തുനികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ധാരാളം സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തി. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ ഏതാനും സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനത്തിന്റെ/വ്യക്തിയുടെ പേര്, | വാർഡ് നം./കെട്ടിട നം | സ്ഥാപനത്തിന്റെ തരം |
|---|---|---|---|
| 1 | ബിജു കെ എസ്, ലക്ഷ്മി സ്റ്റോഴ്സ് | 4/58 A | ഡിസൈനിംഗ് |
| 2 | അജയകുമാർ | 5/50 | ഹോട്ടൽ |
| 3 | അജീഷ് പി മോഹൻ | - | കാറ്ററിംഗ് സർവീസ് |
| 4 | ഷാജി കെ ചാക്കോ | 9/119 | സെന്റ് ജോർജ് |

| | | | |
|---|---|---|---|
| | | | സീഫുഡ് |
| 5 | പ്രസിഡന്റ് നീണ്ടൂർ SCB | 15/401 | മോഡേൺ റൈസ് മിൽ |
| 6 | ബബിത ശ്രീജിത് | 7/110 | ലേഡീസ് സ്റ്റോർ |
| 7 | ലേഖാ മനോജ് | 3/510 | എൻടെക് കമ്പ്യൂട്ടേഴ്സ് |
| 8 | പ്രശാന്ത് പി പിള്ള | 10/157 | പലചരക്ക്, പച്ചക്കറി വ്യാപാരം |
| 9 | പ്രേംകുമാർ | 13/12 | പവർ ടൂൾസ് വാടകയ്ക്ക് |
| 10 | അജിമോൻ & ജോർജ് സി ഫിലിപ് | - | പച്ചക്കറി വ്യാപാരം |
| 11 | സിബി പി സി | - | ഫ്ളവർമിൽ |

2. പഞ്ചായത്തിന്റെ മുറികൾ വാടകയ്ക്കെടുത്ത് പ്രവർത്തിക്കുന്ന വ്യക്തികൾ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നതായി രജിസ്റ്റർ പരിശോധനയിൽ നിന്നും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | മുറി വാടകയ്ക്കെടുത്ത വ്യക്തി | മുറിയുടെ വിവരം(വാടക രജിസ്റ്റർ പ്രകാരം) |
|---|---|---|
| 1 | റെജിമോൻ സി വി, ചാരമ്പാട്ട് | പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (ഓൾഡ് ബ്ലോക്ക്) റൂം നം.2 |
| 2 | കെഎസ് കരുണാകരൻ, കട്ടക്കയത്തുമ്യാലിൽ | പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (ഓൾഡ് ബ്ലോക്ക്) റൂം നം.4,5 |
| 3 | എം എൻ വിനോദ്, മാമ്മൂട്ടിൽ | പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (ഓൾഡ് ബ്ലോക്ക്) റൂം നം.6 |
| 4 | ലിസ്സി രാജു, മുല്ലശേരി | പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (ഓൾഡ് ബ്ലോക്ക്) റൂം നം.7 |
| 5 | റ്റി സി ജയിംസ് തുമ്പിൽ | പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (മെയിൻ ബ്ലോക്ക്) റൂം നം.1 |
| 6 | സജി കെ ജോസഫ്, കൊല്ലപ്പള്ളിൽ | പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (മെയിൻ ബ്ലോക്ക്) റൂം നം.2,7,8 |
| 7 | ജോബി ജോർജ് മുരീക്കൽ | പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (മെയിൻ ബ്ലോക്ക്) റൂം നം.3 |
| 8 | അജീഷ് ഗോപാലകൃഷ്ണൻ | പ്രാവട്ടം ഷോപ്പിംഗ് |

| | | |
|---|---|---|
| | | കോംപ്ലക്സ് (മെയിൻ ബ്ലോക്ക്) റൂം നം.4 |
| 9 | സി എൻ സന്തോഷ് കുമാർ | പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (മെയിൻ ബ്ലോക്ക്) റൂം നം.5 |
| 10 | പ്രദീപ് സി എഎൻ | പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (മെയിൻ ബ്ലോക്ക്) റൂം നം.10 |
| 11 | മാത്യു കെ കളമ്പുകാട്ട് | പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (മെയിൻ ബ്ലോക്ക്) റൂം നം.11 |
| 12 | സുമേഷ് കുമാർ കോട്ടയിൽപറമ്പിൽ | പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (മെയിൻ ബ്ലോക്ക്) റൂം നം.13 |
| 13 | അക്ഷയ സെന്റർ നീണ്ടൂർ | പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് (മെയിൻ ബ്ലോക്ക്) റൂം നം.15 |
| 14 | മായാ ചന്ദ്രബാബു | വനിതാ സംരംഭക കേന്ദ്രം റൂം നം.3 |

3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങൾ, പൊതുവിതരണ കേന്ദ്രങ്ങൾ എന്നിവ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നു.

4. ബാലൻസ് ഷീറ്റ് ബി 15 പ്രകാരം ലൈസൻസ് ഫീസിനത്തിൽ 42,675/-രൂപ തൻവർഷം പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (18/18.9.23) മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. പഞ്ചായത്ത് പരിധിയിലുള്ള ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളെല്ലാം ലൈസൻസെടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി സൂക്ഷിക്കേണ്ടതാണ്. മേൽ സ്ഥാപനങ്ങളെ ലൈസൻസെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

പഞ്ചായത്തിൽ നിന്നും കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്ഥാപനത്തിൽ നിന്നും അവരുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ലെന്നു കാണുന്നു. ലൈസൻസ് ഫീ സംബന്ധിച്ച് പ്രത്യേക നിരക്കുകൾ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം/സ്ഥാപന ഉടമ | സ്ഥാപനത്തിന്റെ തരം | മൂലധനനിക്ഷേപം (PCB സർട്ടിഫിക്കറ്റ് പ്രകാരം) | ഈടാക്കിയ ഫീസ് | പട്ടികII പ്രകാരം ഈടാക്കേണ്ട പരമാവധി ഫീസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | മാത്യൂ ജയിംസ്, തേരന്താനം | ഫ്യൂവൽ സ്റ്റേഷൻ | 65.9 ലക്ഷം | 1000 | 5000 |

ലൈസൻസ് ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/18.9.23) ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. കുറവായി ഈടാക്കിയ ലൈസൻസ് ഫീസ് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 വാടക അപാകതകൾ

1. വാടക മുറികളുടെ അരിയർ ഇനത്തിൽ 77268 രൂപയും ഫൈബർ ബോട്ട് വാടകയ്ക്ക് നൽകിയ ഇനത്തിൽ 3424/- രൂപയും വാടക രജിസ്റ്റർ പ്രകാരം അടവാക്കാനവശേഷിക്കുന്നതായി കാണുന്നു. കുടിശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/18.09.2023) കുടിശിക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2. പ്രാവട്ടം പബ്ലിക് മാർക്കറ്റ് ഫീസ് പിരിവ് അവകാശം രജിസ്റ്റർ പ്രകാരം ശ്രീ ബാബു കെ.കെ. എന്ന വ്യക്തിയ്ക്ക് 100300 രൂപയ്ക്ക് വാർഷികമായി ലേലം ചെയ്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ ടിയാൾ നാളിതുവരെ 49434 രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. 50866/- രൂപ ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ, വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/15.09.2023) കുടിശിക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ പബ്ലിക് മാർക്കറ്റ് ഫീസിനത്തിൽ മുൻവർഷങ്ങളിലെ 115568 രൂപയും നാളിതു വരെയും പിരിച്ചെടുത്തിട്ടില്ലെന്ന് കാണുന്നു. നിയമാനുസൃത നടപടികളിലൂടെ 166434/- രൂപയുടെ കുടിശ്ശികയും പിഴപലിശയും ഈടാക്കാത്തപക്ഷം ഉത്തരവാദികളായ ഉദ്യാഗസ്ഥരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് മെയിൻ ബ്ലോക്കിലെ റൂം നം14, 19 എന്നിവ നിലവിൽ ഒഴിവായിക്കിടക്കുന്നതായി രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടു. ടി മുറികൾ വേക്കന്റായി കിടക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/15.09.2023) 14 -ാം നമ്പർ മുറി മെയിന്റനൻസ് ആവശ്യമുള്ളതാണെന്നും മെയിന്റനൻസിന് ആവശ്യമായ തുകയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അസി.എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിച്ചു. കൂടാതെ റൂം നം. 19 പഞ്ചായത്ത് ആവശ്യത്തിനായി ഒഴിച്ചിടാൻ കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളതാണെന്നും മറുപടി ലഭിച്ചു. മെയിന്റനൻസ് ആവശ്യമായ മുറി അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കി വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4. പ്രാവട്ടം ഷോപ്പിംഗ് കോംപ്ലക്സ് മെയിൻ ബ്ലോക്കിലെ 15 -ാം നമ്പർ മുറി അക്ഷയ സെന്റർ പ്രവർത്തിക്കുന്നതിനായി നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ മുറി വാടകയ്ക്ക് നൽകുന്നതിൽ നിന്നും പഞ്ചായത്തിന് വരുമാനം ലഭിക്കുന്നില്ലെന്ന് കാണുന്നു. വാടക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/15.09.2023) AE, LID&EW ൽ നിന്നും വാടക നിശ്ചയിച്ച് വാങ്ങി വാടക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

5. പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാടക വർദ്ധനവിന് ആനുപാതികമായി വാടക ഡെപ്പോസിറ്റ് ഈടാക്കുന്നില്ലെന്ന് കാണുന്നു. കൂടാതെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഏതൊക്കെ വാടകക്കാരിൽ നിന്നുമായാണ് ഡെപ്പോസിറ്റ് ഈടാക്കിയിട്ടുള്ളതെന്ന സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമല്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (8/15.9.23) വാടക ഡെപ്പോസിറ്റ് ഈടാക്കി ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് മറുപടി ലഭിച്ചു. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

6. പഞ്ചായത്തിന്റെ വാടക സംബന്ധിച്ച രജിസ്റ്റർ പ്രകാരം തയ്യാറാക്കിയിട്ടുള്ള ഡിസിബി പത്രികയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ലെന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | | വാർഷിക ധനകാര്യ പത്രിക പ്രകാരം | വാടക രജിസ്റ്റർ പ്രകാരം |
|---|---|---|---|
| Rent Buildings(Current) | ഡിമാന്റ് | 895145 | 895145 |
| | കളക്ഷൻ | 710917 | 895145 |
| | ബാലൻസ് | 114439 | 0 |
| Rent Buildings(Arrear) | ഡിമാന്റ് | 156861 | 156861 |
| | കളക്ഷൻ | 16118 | 79593 |
| | ബാലൻസ് | 140743 | 77268 |
| Rent Lease Of Land(Current) | ഡിമാന്റ് | 5559 | 5559 |
| | കളക്ഷൻ | 1824 | 5559 |
| | ബാലൻസ് | 3735 | 0 |
| Other Rent (Fibre Boat-Arrear) | ഡിമാന്റ് | 10984 | 10984 |
| | കളക്ഷൻ | 3780 | 7560 |
| | ബാലൻസ് | 7204 | 3424 |

തുകകളിലെ വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/15.9.23) Rent From Buildings Advance ഹെഡിൽ തൻവർഷം സ്വീകരിച്ച തുകകൾ 2022-23 ലെ റെന്റ് കറന്റ് & അരിയർ കളക്ഷനിലേക്കും 2023-24 ലെ 'Rent From Buildings Advance' ഹെഡിലേക്കും പോകേണ്ട തുകകളായിരുന്നെന്നും എന്നാൽ സാമ്പത്തിക വർഷാവസാനം ആയത് ക്രമീകരിക്കുന്നതിന് വിട്ടു പോയിട്ടുള്ളതിനാലാണ് അപാകത സംഭവിച്ചതെന്നും മറുപടി നൽകിയിട്ടുണ്ട്. ഇത് 2023-24 ൽ Prior Period ലേക്ക് ക്രമീകരിച്ച് അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. Rent Lease Of Land(Current), Other Rent (Fibre Boat-Arrear) എന്നിവയിലും ഹെഡ് മാറി തുക രസീത് ചെയ്തതിനാലാണ് അപാകത സംഭവിച്ചിട്ടുള്ളതെന്നും ആയത് 2023-24 വർഷം ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതും രജിസ്റ്റർ പ്രകാരം യഥാർത്ഥത്തിൽ കുടിശികയായി തുടരുന്ന തുകകൾ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-19 അധിക വിഭവ സമാഹരണം-അവലോകനം

1. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദേശങ്ങൾ അവതരിപ്പിക്കുന്നതിലും ആയത് നടപ്പിലാക്കുന്നതിനും ബജറ്റ് നിർദേശ പ്രകാരമുള്ള തനതു വരവിനങ്ങൾ കുടിശികയില്ലാതെ പിരിച്ചെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കാര്യമായി ഇടപെടൽ നടത്തിയിട്ടില്ലെന്നു കമ്മിറ്റി മിനിറ്റ്സ് പരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ നിശ്ചിത ഇടവേളകളിൽ ഡിസിബി പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്.

2. 22.03.2023ലെ ജി.ഒ.(എം.എസ് ) നം .77/2023ൽ.എസ്.ജി.ഡി ഉത്തരവിലെ നിർദ്ദേശ പ്രകാരം 01.04.2023 പ്രാബല്യത്തിൽ പരിഷ്കരിച്ച വസ്തു നികുതി നിരക്കുകൾ 29.7.2023 ലെ 7(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്തി നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനായി ഐകെഎം ന് കത്ത് നൽകയിട്ടുണ്ട്. വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള

മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023ന മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി കരാർ ജീവനക്കാരെ നിയമിച്ച് ഫീൽഡ് പരിശോധന പൂർത്തിയാക്കണമെന്നുമുള്ള നിർദേശിച്ചിട്ടുള്ളതിൻ പ്രകാരം 3 ഉദ്യോഗാർത്ഥികളെ കണ്ടെത്തിയിട്ടുണ്ട്. ഫീൽഡ് പരിശോധന തുടങ്ങിയിട്ടില്ല. 1.4.2023 പ്രാബല്യത്തിൽ 5% നികുതി വർദ്ധനവ് സോഫ്റ്റ് വെയറിൽ പുതുക്കിയിട്ടുണ്ട്.

പഞ്ചായത്തിന്റെ റോഡ് മാപ്പ് പരിഷ്കരിക്കേണ്ട സാഹചര്യമാണുള്ളത്. പലപ്പോഴും ഒരേ റോഡിന് വിവിധ തരത്തിലായി നികുതി ഇളവും വർദ്ധനവും നൽകി വരുന്ന സാഹചര്യമാണുള്ളത്.

3. തൊഴിൽ നികുതിയിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശികയില്ലെങ്കിലും പ്രൊഫഷണൽസ്, ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൗണ്ടന്റ്, ഇൻഷ്വറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വലിയവിഭാഗം തൊഴിൽ നികുതിയിൽ നിന്നും ഒഴിവായി നിൽക്കുന്നുണ്ടെന്ന കാണുന്നു. കൃത്യമായ ഡേറ്റാ ബാങ്ക് ശേഖരിച്ച് പരമാവധി പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ലൈസൻസെടുക്കാതെ ധാരാളം സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്നുണ്ട്. കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റ് നിലവിലും സൂക്ഷിക്കുന്നില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം മാത്രം 42675/- രൂപ ലൈസൻസ് ഫീസിനത്തിൽ ഈടാക്കാനവശേഷിക്കുന്നുണ്ട്.

5. വാടക പിരിവ് രജിസ്റ്റർ പ്രകാരം പൂർണ്ണമാണെങ്കിലും മാർക്കറ്റ് ലേലം ഇനത്തിൽ തുക കുടിശികയായി അവശേഷിക്കുന്നുണ്ട്. അക്ഷയ സെന്ററിന് നിലവിലും വാടകരഹിതമായി മുറി നൽകി വരുന്നതായാണ് കാണുന്നത്. ആയത് പുനപരിശോധിച്ച് വാടക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ 1 മുറി വേക്കന്റായി തുടരുന്നുണ്ട്. ഇതുൾപ്പെടെ മെയിന്റനൻസ് ആവശ്യമുള്ള മുറികൾ മെയിന്റനൻസ് നടത്തി പഞ്ചായത്തിന്റെ വാടക വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിന് വരുമാനം ഉണ്ടാക്കുന്ന തരത്തിൽ പദ്ധതികൾ തയ്യാറാക്കി വരുന്നുണ്ട്. കൈപ്പുഴക്കാറ്റ് ടൂറിസവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് വരുമാനം ലഭിക്കുന്ന വിധത്തിൽ ടൂറിസം വികസനത്തിനായി വിശദമായ പദ്ധതി തയ്യാറാക്കി ടൂറിസം വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

1-20 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്ന

1. വാർഷികകണക്കുകളിലെ ബി-18 ഷെഡ്യൂൾ പ്രകാരം വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻവർഷങ്ങളിൽ നൽകിയിട്ടുള്ള തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് കോഡ് | സ്ഥാപനം | തുക |
|---|---|---|
| 460500201 | വാട്ടർ അതോറിറ്റി | 2,290,419 |
| 460500202 | കെ.എസ്.ഇ.ബി | 418,409 |
| 460500205 | പി.ഡബ്യൂ.ഡി | 200,000 |

09.03.2023 ലെ സ.ഉ.(കൈ) നം.38/23/ധന ഉത്തരവ് പ്രകാരം എല്ലാത്തരം അംഗീകൃത അക്രഡിറ്റഡ് ഏജൻസികളിലും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുക അതാത് സാമ്പത്തിക വർഷം തന്നെ പ്രോജക്ട് പൂർത്തീകരണത്തിനായി ചെലവഴിക്കേണ്ടതാണെന്നും ഇപ്രകാരം ചെലവഴിക്കാത്ത തുക അതാത് സാമ്പത്തിക വർഷം തന്നെ പ്രാദേശിക സർക്കാരുകൾ

സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയിട്ടുള്ള മേൽ തുകകൾ ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21(1)/18.09.23) വിനിയോഗ വിവരങ്ങൾ അടിയന്തിരമായി വാങ്ങി തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മേൽ തുകകൾ അടിയന്തിരമായി ക്രമീകരിക്കേണ്ടതും ചെലവഴിക്കാത്ത തുക തിരികെ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്

2. വാർഷികകണക്കുകളിലെ RP-49 ഷെഡ്യൂൾ പ്രകാരം വിവിധ പ്രവൃത്തികൾക്കായി ചെലവഴിച്ചതിനുശേഷം വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 1194581/- രൂപ തൻ വർഷം പഞ്ചായത്തിന് തിരികെ ലഭ്യമായിട്ടുള്ളതായി കാണുന്നു. വരവിലെടുത്ത പ്രസ്തുത തുക തനതുഫണ്ട് അക്കൗണ്ടിലാണ് നിലനിൽക്കുന്നത്. തിരികെ ലഭിച്ച മിച്ച തുക ഏത് ഫണ്ടാണോ നൽകിയത് ആയതിലേക്ക് തിരികെ അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റേ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21(2)/18.09.23) പ്രോജക്ട് ഫണ്ട് പരിശോധിച്ച് തുക തിരികെ അടവാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് .തിരികെ ലഭിച്ച 1194581/-രൂപ നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 അഗതി രഹിത കേരളം - മുൻ വർഷങ്ങളിൽ നൽകിയ തുകകൾ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു

അഗതി രഹിത കേരളം പദ്ധതിക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ (യൂണിയൻ ബാങ്ക് അക്കൗണ്ട് നം.677602010005700) 1231608 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. തൻ വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വികസനഫണ്ടിൽ നിന്നും കൈമാറിയ 300000 രൂപ വീട് മെയിന്റെനൻസ് പ്രവൃത്തികൾക്കായി പൂർണ്ണമായും ചെലഴിച്ചിട്ടുണ്ട്. എന്നാൽ മുൻ വർഷങ്ങളിൽ നൽകിയിട്ടുള്ള തുകകളുൾപ്പെടെ 1231608 രൂപ നിലവിലും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക ഏതൊക്കെ വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്ക് നൽകിയിട്ടുള്ളതാണെന്നും ചെലവഴിക്കാതെ അവശേഷിക്കുന്നതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/15.09.23) അഗതി രഹിത കേരളം പദ്ധതി ഗുണഭോക്താക്കളിൽ അർഹരായവരിൽ നിന്നും ആവശ്യമായ രേഖകൾ ലഭ്യമാക്കി അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അസി.സെക്രട്ടറി മറുപടി ലഭ്യമാക്കി. സമൂഹത്തിൽ അവശതയനുഭവിക്കുന്നവർക്കായി ചെലവഴിക്കുവാൻ നൽകുന്ന തുകകൾ വർഷങ്ങളോളം ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമല്ല. ആയതിനാൽ ഭരണസമിതി ഈ വിഷയത്തിൽ ഇടപെടേണ്ടതും അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക ഏത് ആവശ്യങ്ങൾക്ക് ലഭിച്ചിട്ടുള്ളതാണെന്ന് കൃത്യമായി കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായും ചെലവഴിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-22 പാലിന് സബ്സിഡി- എല്ലാ ഗുണഭോക്താക്കൾക്കും തുക അക്കൗണ്ടിലേക്ക് നൽകിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 103/23 |
| ഫണ്ടിനം, ചെലവ് | വികസനഫണ്ട്(ജനറൽ)-150000<br>ബ്ലോക്ക് വിഹിതം - 31813 |
| ബിൽ നം. | 1. 32841- 01/22-23/12.12.22<br>2. 30016-02/22-23/20.01.23<br>3. 40000- 04/22-23/31.01.23 |

| | |
|---|---|
| | 4. 47143- 06/22-23/18.03.23<br>5. 31813- 07/22-23/23.03.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സബ്സിഡി നൽകുന്നതിന് പാലിന്റെ അളവ് സംബന്ധിച്ച ഡയറി എക്സ്റ്റെൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റാണ് ഫയലിനോടൊപ്പം സമർപ്പിച്ചിട്ടുള്ളത്. ക്ഷീര സംഘങ്ങളിൽ നിന്നും സമർപ്പിച്ച ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2.മേൽ ക്രമനം.4 ബിൽ പ്രകാരം ശ്രീ.കെ.എസ്.പൊന്നപ്പൻ എന്ന ഗുണഭോക്താവിന് 2022 ഏപ്രിൽ,മെയ് മാസങ്ങളിൽ ആകെ 388 ലിറ്റർ പാലളന്നതിന് 8236 രൂപ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.എന്നാൽ ലിറ്ററിന് 3 രൂപ നിരക്കിൽ 1164/- രൂപ മാത്രമാണ് ടിയാന് നൽകാവുന്നത്. കൂടാതെ പാലളന്നവരുടെ ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ശ്രീ.ശ്രീപ്രസാദ്, ജോസഫ്.പി.എം, ദീപു.കെ.റ്റി, ജോബി ഫിലിപ്പ്, ജോസ് ഫിലിപ്പ്, ഗീതാ സത്യൻ, സജി എന്നീ ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുമില്ല.
3.ക്രമനം.5 ബിൽ പ്രകാരം 2022 ജൂൺ മാസത്തിൽ 99 ലിറ്റർ പാലളന്നതിന് ശ്രീ. കെ.എസ്.പൊന്നപ്പൻ എന്ന ഗുണഭോക്താവിന്8032 രൂപയും ശ്രീ.ജെയിംസ് ജേക്കബ് എന്ന ഗുണഭോക്താവിന് 563 ലിറ്റർ പാലളന്നതിന് 3657 രൂപയും ശ്രീ.പ്രമോദ് എന്ന ഗുണഭോക്താവിന് 123 ലിറ്റർ പാലളന്നതിന് 882 രൂപയും അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ പാലളന്നവരുടെ ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ഭാഗ്യലക്ഷ്മി,ജോസഫ്.പി.എം, ദീപു.കെ.റ്റി, വേണുഗോപാൽ.പി.എ, ജിനു സുനിൽ, ബെസ്സി ചാക്കോ, ജോസ് ഫിലിപ്പ്, ശാരിക പ്രമോദ്, ഗീതാ സത്യൻ, ഗോപി.കെ.എം, രാജേഷ്.പി.ആർ, സുബാഷ് എന്നീ ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടുകളിലേക്ക് തുക നൽകിയിട്ടുമില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/16.09.23) മറുപടി ലഭ്യമാക്കിയില്ല. ഡയറി എക്സ്റ്റെൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തി സമർപ്പിച്ച പാലളന്നതിന്റെ ലിസ്റ്റ് പ്രകാരമുള്ള ആകെ തുക തന്നെയാണ് മേൽ ബില്ലുകൾ പ്രകാരം നൽകിയിട്ടുള്ളത്. ആയതിനാൽ അക്കൗണ്ടിലേക്ക് തുക നൽകാതിരുന്ന ഗുണഭോക്താക്കളുടെ തുകകൾ കൂടി കൂടുതൽ തുക നൽകിയട്ടുള്ളവരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുള്ളതായി അനുമാനിക്കുന്നു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം തുക ക്ഷീര കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തന്നെ നൽകണമെന്ന് നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ ആയത് ഗുരുതരമായ കൃത്യ വിലോപമാണ്. ആയതിനാൽ ഇത് സംബന്ധിച്ച് കൃത്യമായ അന്വേഷണം നടത്തി വിശദീകരണം ലഭ്യമാക്കേണ്ടതും എല്ലാ ഗുണഭോക്താക്കൾക്കും പാലളന്ന പ്രകാരമുള്ള സബ്സിഡി തുക ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പാക്കി തുക അധികമായി നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

## 1-23 കോക്ലിയർ ഇംപ്ലാന്റേഷനുകളുടെ മെയിന്റനൻസ്-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കോക്ലിയർ ഇംപ്ലാന്റേഷനുകളുടെ മെയിന്റനൻസിനു കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ തുക കൈമാറൽ |
| പ്രോജക്ട് നം. | 129/23 |
| നിർവ്വഹണോദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |

| | |
|---|---|
| അടങ്കൽ | 1,00,000 |
| ചെലവ് | 1,00,000 |
| ബിൽ നം.& തീയതി | 10/22-23<br>തീയതി.06/01/23 |

സ.ഉ(കൈ)നം.115/2022/ ത.സ്വ.ഭ.വ തീയതി.28.05.2022 പ്രകാരം കോക്ലിയർ ഇംപ്ലാന്റ് ചെയ്ത ഒരു കുട്ടിയ്ക്ക് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ഓരോ വർഷവും 50,000/- രൂപ നിരക്കിൽ ആകെ കുട്ടികൾക്ക് വേണ്ട തുക കണക്കാക്കി കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് മുടക്കം കൂടാതെ നൽകേണ്ടതാണ്. 2022-23 സാമ്പത്തിക വർഷം അലീന ജോ മംഗലത്ത്, ജിബി ജിനോ എന്നീ രണ്ട് അപേക്ഷകർക്കായി 1,000,00/- രൂപ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ന്റെ TSB അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകിയ 1,00,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 1,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 പി.എം.എ.വൈ-വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല

I)

| | |
|---|---|
| പ്രോജക്റ്റ് നം. | 62/23 |
| lഅടങ്കൽ | 1,50,000 |
| ചെലവ് | 1,50,000 |
| വൗച്ചർ നം&തീയതി | 22200331/27.7.22(Rs.1,40,000/-) |
| | 22200490/10.10.22(Rs.10,000/-) |

മേൽ പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 1,50,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പി.എം.എ.വൈ<br>വിഹിതം നൽകൽ |
| പ്രോജക്റ്റ് നമ്പർ | 164/22-23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വിഇഒ |
| അടങ്കൽ | 2,10,000 |
| ചെലവ് | 60,000 |
| വൗച്ചർ നം.&തീയതി | 22200491/10.10.22 |

മേൽ പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 60,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 കിണർ മെയിന്റനൻസ്-6000 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കിണർ മെയിന്റനൻസ് |
| പ്രോജക്റ്റ് നമ്പർ | 21/22-23 |
| അടങ്കൽ | 6,00,000/- |
| ചെലവ് | 1,38,000/- |

മേൽ പ്രോജക്റ്റ് പ്രകാരം 22 ഗുണഭോക്താക്കൾക്ക് 6000/-രൂപ വീതം1,32,000/- രൂപ ധനസഹായം

നൽകിയിട്ടുണ്ട്. എന്നാൽ ചെലവ് പത്രിക പ്രകാരം 1,38,000/- രൂപ ചെലവുണ്ട്. 6000/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.മേൽ രേഖകൾ ഹാജരാക്കുന്നത് വരെ 6000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കാത്തപക്ഷം രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

1-26 പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ /പദ്ധതി | ചെലവ് തുക | ബിൽ നമ്പർ / തീയതി |
|---|---|---|---|
| 1 | SO-16/23 - പി എച്ച് സി -ക്ക് മരുന്ന് വാങ്ങൽ | 600000/- MG-(NR) Fund | 158/24.01.2023 |

മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണം നടത്തിയ ടി പദ്ധതി പ്രകാരം പി എച്ച് സിയിലേയ്ക്ക് ആവശ്യമായ വിവിധയിനം മരുന്നുകൾ ലഭ്യമാക്കുന്നതിനായി KMSCL ന്റെ 12/12/2022 ലെ പ്രൊഫോർമ ഇൻവോയിസ് നമ്പർ 2894/ 12.12.2022 പ്രകാരം 171465 /= രൂപ നൽകിയിരുന്നു. എന്നാൽ നാളിതുവരെ 82511/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളതെന്ന് കാണുന്നു. ബാക്കി 88954/- തുകയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.24/18.09.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നത് വരെ 88954 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 മാമ്മോഗ്രാഫി ടെസ്റ്റ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല 47796/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ /പദ്ധതി | ചെലവ് തുക | ചെക്ക് നമ്പർ / തീയതി |
|---|---|---|---|
| 1 | SO-176/23 ക്യാൻ കോട്ടയം | 100000/- തനത് ഫണ്ട് | 5197762/21.03.2023 |

ടി പദ്ധതി പ്രകാരം മാമ്മോഗ്രാഫി ടെസ്റ്റ് നടത്തിയ ഇനത്തിൽ 32 പേർക്ക് ടെസ്റ്റ് നടത്തിയതായി കാണിച്ച് സി എം സി ഡയഗ്നോസ്റ്റിക്സ് എന്ന സ്ഥാപനം ബിൽ ലഭ്യമാക്കുകയും ടി ഇനത്തിൽ 47796/- രൂപ സ്ഥാപനത്തിന് കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി 32 പേരെ റെഫർ ചെയ്തതിന്റെ വിശദാംശങ്ങൾ , റെഫർ ചെയ്ത 32 പേർക്ക് ടെസ്റ്റുകൾ നടത്തിയത് സംബന്ധിച്ച് മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ടി വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.24/18.09.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ പൂർണ്ണമായും ലഭ്യമാക്കുന്നത് വരെ 47796 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 സ്മൈൽ പ്ലീസ് - ദന്ത പരിപാലന പദ്ധതി -വിശദാംശങ്ങൾ ലഭ്യമല്ല 20000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ /പദ്ധതി | ചെലവ് തുക | ചെക്ക് നമ്പർ / തീയതി |
|---|---|---|---|
| 1 | SO-173/23 സ്മൈൽ പ്ലീസ് - ദന്ത | 20000/- തനത് | 5197772/27.03.2023 |

| | | | |
|---|---|---|---|
| | പരിപാലന പദ്ധതി 1 | ഫണ്ട് | |

മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണം നടത്തിയ ടി പദ്ധതി പ്രകാരം 14/03/23 ൽ നീണ്ടൂർ ഗവ. എൽ പിഎസ്സിൽ കുട്ടികളെ പങ്കെടുപ്പിച്ച് പരിപാടി നടത്തിയതിന് ഭക്ഷണം ഇനത്തിൽ 14000/-രൂപയും , മറ്റിനം ചെലവുകളിൽ ഉൾപ്പെടുത്തി 6000/-രൂപയും (ആകെ 20000/-രൂപ ) ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ടി പരിപാടിയിൽ കുട്ടികളിലെ ദന്ത വൈകല്യങ്ങൾ നിർണയിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടി വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (24/18.09.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ പൂർണ്ണമായും ലഭ്യമാക്കുന്നത് വരെ 20000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 പദ്ധതികൾ പൂർത്തിയായിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സ്ഥാപിച്ച തുമ്പൂർമൂഴി കമ്പോസ്റ്റ് യൂണിറ്റ്, മാർക്കറ്റിലെ ടേക്ക് എ ബ്രേക്ക് എന്നീ പദ്ധതികൾ നിർമ്മാണം പൂർത്തീകരിച്ചിട്ടും നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ടി നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു .

പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ /പദ്ധതി | ചെലവ് തുക | ബിൽ നമ്പർ / തീയതി |
|---|---|---|---|
| 1 | SO-16/23 - ടേക്ക് എ ബ്രേക്ക് - മാർക്കറ്റ് ടോയിലെറ്റ് നിർമ്മാണം രണ്ടാം ഘട്ടം | 177615/- കേന്ദ്ര ഫണ്ട് | 5230752/18.12.2021 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ടി പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നീണ്ടൂർ മാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലക്സിനോട് ചേർന്ന് രണ്ടാമത്തെ ടേക്ക് എ ബ്രേക്ക് നിർമ്മാണം പൂർത്തിയാക്കിയിരുന്നു . 18/09/2023 ൽ നടത്തിയ സ്ഥല പരിശോധനയിൽ ടേക്ക് എ ബ്രേക്ക് നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന് വ്യക്തമായി. ആയതിന്റെ കാരണം, ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയിരുന്നതിനു ലഭ്യമാക്കിയ മറുപടിയിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള പ്രവൃത്തികൾ പൂർത്തിയാക്കി കെട്ടിടത്തിന്റെ താക്കോൽ സെക്രട്ടറിയെ ഏൽപ്പിച്ചിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിലെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

II)

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ /പദ്ധതി | ചെലവ് തുക |
|---|---|---|
| 1 | SO-53/23- തുമ്പൂർമൂഴി കമ്പോസ്റ്റ് യൂണിറ്റ് | 361641/-MG-(NR) Fund |

പദ്ധതിയുടെ പൂർത്തീകരണത്തിനായി 2022-2023 ൽ 361641/- രൂപ അടങ്കൽ

ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഈ വർഷം തുകയൊന്നും ചെലവഴിച്ചിരുന്നില്ല

18/09/2023 ൽ നടത്തിയ സ്ഥല പരിശോധനയിൽ കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ലയെന്ന് കാണുന്നു. നിർവ്വഹണ ഏജൻസിയായ സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് -ന് നാളിതുവരെ 238359/- രൂപ നൽകിയിരുന്നു. 2018-2019 വർഷം ആരംഭിച്ച പദ്ധതി പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം , സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് എന്ന സ്ഥാപനം പദ്ധതി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ ഈ വിഷയം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയിരുന്നതിന് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ തുമ്പൂർമൂഴി യൂണിറ്റ് പ്രവർത്തനം ആരംഭിക്കുവാനുള്ള രീതിയിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എന്നും പ്ലാന്റിനോട് ചേർന്നുള്ള സംരക്ഷണഭിത്തിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലായെന്നും ആയതിന് സ്ഥാപനത്തിന് നോട്ടീസ് നല്കിയിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി യൂണിറ്റ് നിഷ്ക്രിയ ആസ്തിയായി മാറാതെ അടിയന്തിരമായി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി 12.7.2023 ൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3, 4, 5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്കിനായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്കിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് | 2022-23 | 78058 | പാലിയേറ്റീവ് | 78058 | 0 |

| | | | | | |
|---|---|---|---|---|---|
| | | | കെയർ(15/23) | | |
| | | 455000 | ലൈഫ് ഭവന പദ്ധതി എസ് സി(68/23) | 455000 | 00 |
| | | 240000 | ലൈഫ് ഭവന പദ്ധതി എസ് സി(67/23) | 240000 | 0 |
| പഞ്ചായത്ത് | | 309450 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്(98/23) | 309450 | 0 |
| | | 31813 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (103/23) | 31813 | 0 |
| | | 200000 | ഉത്തരവാദിത്വ ടൂറിസം (78/23) | 200000 | 0 |
| ആകെ | | 1314321 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1314321 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2022-23 | 123640 | പാലിയേറ്റീവ് കെയർ(15/23) | 123640 | 0 |
| | | 143866 | ലൈഫ് ഭവന പദ്ധതി എസ് സി(144/23) | 143866 | 0 |
| | | 490000 | ലൈഫ് ഭവന പദ്ധതി എസ് സി(68/23) | 490000 | 0 |
| | | 1430000 | ലൈഫ് ഭവന പദ്ധതി എസ് സി(67/23) | 1430000 | 0 |
| | | 175000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്(98/23) | 175000 | 0 |
| ആകെ | | 2362506 | ജില്ലാ പഞ്ചായത്ത് വിഹിതം | 2362506 | 0 |

## 4-3 ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രോജക്ട് നം.,പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 27/23, വിവിധ വാർഡുകളിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 1144944 തനത് ഫണ്ട് | 1144944 | 0 |

| | | | | |
|---|---|---|---|---|
| | 226/23, തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ,വാർഡ്-6 | 15000 തനത് ഫണ്ട് | 15000 | 0 |
| | 247/23, സ്ട്രീറ്റ് മെയിൻ വലിക്കൽ, വാർഡ് 9 | 56050 തനത് ഫണ്ട് | 56050 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | 2021-22 ൽ മുതലിലേക്ക് തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതിയ്ക്ക് വേണ്ടി KURDFC യിൽ നിന്നും അനുവദിച്ച ലോൺ | സ.ഉ.(സാധാ) 6105/19 /ഫിൻ /01.08.18 | 2256296 | 400000 | 911423 | 1744873 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| - | പ്രവർത്തനാവലോകനം | 2011-12 | - | തദ്ദേശ സ്വയംഭരണ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് |

| | | | | | |
|---|---|---|---|---|---|
| | | | | സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ | കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | 4-1-5 | വനിതകൾക്കായി മാർക്കറ്റിൽ നിർമ്മിച്ച വ്യവസായകേന്ദ്രം നിഷ്ഫലയാസ്തിയായി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-2,2-3 | 2016-17 | അനുബന്ധം 3, 4, 5 - | വസ്തുനികുതി പരിഷ്കരണത്തിന് ആധികാരിക സ്ഥിരീകരണമില്ല. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-4 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-16 | 2-3-1, 2-3-2 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

### 4-9 ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) (R&P പ്രകാരം) | : | 49054512.5 |
| ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം | | 102324020 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 30967227 |
| I&E പ്രകാരം | | 105566412 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 472750/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 100000 | സുചിത്ര സി കെ, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-24(1) | 150000 | സുനിൽ എ പി, വി ഇ ഒ |
| 1-24(2) | 60000 | സുനിൽ എ പി, വി ഇ ഒ |
| 1-25 | 6000 | സുനിൽ എ പി, വി ഇ ഒ |
| 1-26 | 88954 | ഡോ.നിസ്സി കെ ജെ, (മെഡിക്കൽ ഓഫീസർ, പിഎച്ച്സി) |
| 1-27 | 47796 | ഡോ.നിസ്സി കെ ജെ, (മെഡിക്കൽ ഓഫീസർ, പിഎച്ച്സി) |
| 1-28 | 20000 | ഡോ.നിസ്സി കെ ജെ, (മെഡിക്കൽ ഓഫീസർ, പിഎച്ച്സി) |
| ആകെ | 472750 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ.കെ.ടി.എംപി9/663(1) /2022/ 18.07.22 | 4 |
| 2001-2002 ഡി.സി.ബി | എൽ. എഫ്. കെ. പി4./ 890/ 07/28.02.08/ 22.03.08 | |
| 2002-2003 ഡി.സി.ബി | കെ.എസ്.എ.കെ.ടി.എംപി9/അദാ.2018/ 56(5)/ 18 /29.01.18 | 4 |
| 2006 -07 | കെ.എസ്.എ.കെ.ടി.എംപി9/663(4) /2022/ 03.07.22 | 3 |
| 2007 -08 | കെ.എസ്.എ.കെ.ടി.എംപി9/663(5) /2022/ 12.07.22 | 1 |

| | | |
|---|---|---|
| 2008-09 | കെ.എസ്.എ.കെ.ടി.എംപി9/663(6) /2022/ 03.07.22 | 2 |
| 2009-10 | കെ.എസ്.എ.കെ.ടി.എംപി9/663(7) /2022/ 22.07.22 | 2 |
| 2010-11 | കെ.എസ്.എ.കെ.ടി.എംപി9/663(8) /2022/ 22.07.22 | 3 |
| 2012-13 | കെ.എസ്.എ.കെ.ടി.എംപി9/663(10) /2022/ 22.07.22 | 4 |
| 2013-14 | കെ.എസ്.എ.കെ.ടി.എംപി9/663(11) /2022/ 03.07.22 | 4 |
| 2014-15 | കെ.എസ്.എ.കെ.ടി.എംപി9/663(12) /2022/ 02.07.22 | 7 |
| 2015-16 | കെ.എസ്.എ.കെ.ടി.എംപി9/663(13) /2022/ 22.07.22 | 9 |
| 2016-17 | കെ.എസ്.എ.കെ.ടി.എംപി9/663(14) /2022/ 22.07.22 | 14 |
| 2017-18 | കെ.എസ്.എ.കെ.ടി.എംപി9/663(15) /2022/ 10.08.22 | 10 |
| 2018-19 | കെ.എസ്.എ.കെ.ടി.എംപി9/663(16) /2022/ 22.07.22 | 10 |
| 2019-20 | കെ.എസ്.എ.കെ.ടി.എംപി9/764 /21/01.01.22 | 10 |
| 2020-21 | കെ.എസ്.എ.കെ.ടി.എംപി9/1438 /22/04.11.22 | 15 |
| 2021-22 | കെ.എസ്.എ.കെ.ടി.എംപി9/157 /23/10.07.2023 | 22 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 07-07-2023 and submitted on 12-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Neendoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Neendoor Grama Panchayat for the year 2022-2023

Date: 09/11/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Neendoor Grama Panchayat for the Year 2022-2023.

**1.Major Observations**

1.Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated.

2. Non Disclosure of Capital Contribution-Captal contribution opening balance details, fund wise capital contribution of current year are not available.

3.General Fund Details not maintained. Source Data not available for the value of total general fund as on 31/03/2023

**2.Other Observations**

1. Government and other dues register not maintained.

2. Advance income adjustments-not properly recorded in demand registers.

3. Capital Work in Progress Details and adjustment details not maintained.

4. Advance to MGNREGS not accounted in concerned account head.

5. Details of prior period adjustments are not submitted as notes on accounts with 2022-23 AFS.

6. Rent deposits -details of individual shopping complex rooms are not kept.

7. Deposit register not maintained properly.

8. Advance register-deatails of opening balance not maintained.

9. Documents and necessary worksheet in support of provision for depreciation on fixed assets not produced for verification.

10. Monthly Reconciliation statement for FEDERAL BANK NDR-( 17180100050807) account not prepared.

11. Ratios on various financial performance as prescribed in accounting rules are not generated, certified and submitted for audit.

12. Cashflow statement -Â Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

13. Rent-DCB in rent register and AFS does not match.

14. MGNREGS cash book does not match with AFS.

Deputy Director
District Audit Office Kottayam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്